കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***പ്രസിദ്ധീകരണത്തിന്***

തീയതി 15.09.2020

# കഴക്കൂട്ടം - അടൂർ സേഫ് കോറിഡോർ : എൻഫോഴ്സ്മെന്റ് വാഹനങ്ങൾ ഫ്ളാഗ് ഓഫ് ചെയ്തു - മന്ത്രി ജി.സുധാകരൻ

ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കിയ കെ.എസ്.ടി.പി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുന്ന പ്രധാന പ്രവൃത്തിയായ കഴക്കൂട്ടം മുതൽ അടൂർ വരെ യുള്ള മാതൃകാ സുരക്ഷാ റോഡ് പദ്ധതിയുടെ ഭാഗമായ 13 എൻഫോഴ്സ്മെന്റ് വാഹനങ്ങൾ പോലീസ് വകുപ്പിനും, മോട്ടോർ വാഹന വകുപ്പിനും കൈമാറി പൊതു മരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ജി.സുധാകരൻ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വെച്ചു ഫ്ളാഗ് ഓഫ് ചെയ്തു. 100 ദിന പരിപാടിയിൽ ഉൾപ്പെട്ട പദ്ധതിയാണിത്.

പോലീസ് വകുപ്പിനു മഹീന്ദ്രയുടെ മരാസ്സോ കാറുകൾ ആറെണ്ണവും ബുള്ളറ്റ് മോട്ടോർ സൈക്കിൾ നാലെണ്ണവും, മോട്ടോർ വാഹന വകുപ്പിനു മൂന്നു മഹീന്ദ്ര മരസ്സോ കാറുകളുമാണ് നൽകിയതെന്നും മന്ത്രി അറിയിച്ചു. എൻഫോഴ്സ്മെന്റ് ഉപ കരണങ്ങൾ ഉൾപ്പെടെ തയ്യാറാക്കി നൽകിയതിന് 89.20 ലക്ഷം രൂപയാണ് 13 വാഹന ങ്ങൾക്കായി ഈ പ്രോജക്ടിൽ ചെലവഴിച്ചിട്ടുള്ളത്.

എം.സി റോഡിലെ കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള മാതൃകാ സുരക്ഷാ റോഡ് പദ്ധതി 146.67 കോടി രൂപയ്ക്കാണ് കരാർ വെച്ചത്. പ്രസ്തുത റോഡ് മുഖ്യ മന്ത്രി 2020 ജൂൺ 18 നു ഉദ്ഘാടനം ചെയ്തതാണ്. ഈ സുരക്ഷാ ഇടനാഴിയിൽ റോഡപകടങ്ങളുടെ എണ്ണം, തീവ്രത, മരണനിരക്ക് എന്നിവ കുറയ്ക്കുന്നതിനായി റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനിന്റെ ഭാഗമായുള്ള സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിൽ ഉൾപ്പെട്ടതാണ് ഇന്നു പോലീസിനും മോട്ടോർ വാഹന വകു പ്പിനും കൈമാറിയ വാഹനങ്ങൾ. വാഹനങ്ങളുടെ അമിത വേഗത ഉൾപ്പെടെയുള്ള നിയമലംഘനങ്ങൾ കുറയ്ക്കുക എന്നതും ഇതിന്റെ ലക്ഷ്യമാണെന്നു മന്ത്രി ജി.സു ധാകരൻ അറിയിച്ചു.


KSTP
KERALA STATE TRANSPORT PROJECT
SAFE CORRIDOR DEMONSTRATION PROJECT
(Kazhakuttam - Adoor)
Flag off ceremony and handing over of Enforcement vehicles
to Police & MVD by Sri. G. Sudhakaran,
Hon'ble Minister for Works and Registration










POLICE